കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് - ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിക്കുന്നതിന് സ്ഥലം അർജൻസി ക്ളോസിൽ അക്വയർ ചെയ്യാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ).867/10/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 15/ 03/ 2010

---

പരാമർശം: 1. ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 17.12.08 ലെ VII (3)-ാം നമ്പർ തീരുമാനം.
2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.09 ലെ സി2-29404/09-ാം നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിൽ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ആയൂർ ടൗണിൽ ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിക്കുന്നതിന് പത്തനാപുരം താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ ബ്ളോക്ക് നമ്പർ 27 ൽ പ്പെടുന്ന 2 ഏക്കർ 10 സെന്റ് സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 17.12.08 ലെ VII (3)-ാം നമ്പരായി തീരുമാനിക്കുകയും സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു. പരാമർശം (2) പ്രകാരം ഈ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പത്തനാപുരം താലൂക്കിൽ ഇടമുളയ്ക്കൽ വില്ലേജിൽ ബ്ളോക്ക് നമ്പർ 27 ൽ പ്പെടുന്ന ചുവടെ പട്ടികയിൽ ഉൾപ്പെട്ട 2 ഏക്കർ 10 സെന്റ് സ്ഥലം അർജൻസി ക്ളോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന

നിബന്ധനകളോടെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|
| 1 | 286/7 | 20.85 ആർ |
| 2 | 286/9 | 13.70 ആർ |
| 3 | 286/5 | 13.55 ആർ |
| 4 | 286/5.2 | 8.09 ആർ |
| 5 | 286/5.3 | 5.72 ആർ |
| 6 | 286/6 | 8.30 ആർ |
| 7 | 286/5.1 | 10.92 ആർ |

1. അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാര ബാദ്ധ്യതകൾ ഉണ്ടായിരിക്കുന്നതല്ല.
2. അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.
3. അക്വിസിഷൻ സംബന്ധമായി 2000 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

ലതാ പണിക്കർ

അണ്ടർ സെക്രട്ടറി

To

സെക്രട്ടറി, ഇടമുളയ്ക്കൽ ഗ്രാമ പഞ്ചായത്ത്.
ജില്ലാ കളക്ടർ, കൊല്ലം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, എ & ഇ/ആഡിറ്റ്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
റവന്യൂ വകുപ്പ് (vide U.O.No.4012/B3/2010/RD)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ